'ഭരണഭാഷ- മാതൃഭാഷ'

പതിനാലാം കേരള നിയമസഭ

<u>പതിനാറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2734 06.11.2019 ന് മറുപടിയ്ക്ക്.

<u>വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിന് നടപടി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. ഇ.കെ.വിജയൻ<br>,, വി.ആർ. സുനിൽ കുമാർ<br>,, എൽദോ എബ്രഹാം : | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | വയനാട് മേഖലയിലേക്ക് അയൽ സംസ്ഥാനങ്ങളിൽ നിന്ന് പിടികൂടുന്ന കടുവ, പുലി തുടങ്ങിയവയെ കൊണ്ടു വന്ന് തുറന്നുവിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | വയനാട് മേഖലയിലേക്ക് അയൽ സംസ്ഥാനങ്ങളിൽ നിന്ന് പിടികൂടുന്ന കടുവ, പുലി തുടങ്ങിയവയെ കൊണ്ടുവന്ന് തുറന്നുവിടുന്നതായി ആരോപണങ്ങൾ ഉണ്ടായി ട്ടുണ്ടെങ്കിലും അത്തരത്തിലുള്ള സംഭവങ്ങൾ കണ്ടെത്തിയിട്ടില്ല. |
| (ബി) | സ്വയം ആഹാരം തേടാൻ കഴിയാത്ത സ്ഥിതിയിലുള്ള ഈ വന്യമൃഗങ്ങൾ കേരളത്തിലെ അടുത്തുള്ള ജനവാസ കേന്ദ്രങ്ങളിൽ എത്തി, കെട്ടിയിട്ട് വളർത്തുന്ന മൃഗങ്ങളെ പിടികൂടുന്നത് നാട്ടുകാർക്ക് ബുദ്ധിമുട്ടുളവാക്കുന്നതായി അറിവായിട്ടുണ്ടോ; | (ബി) | ഇത്തരത്തിലുള്ള മൃഗങ്ങൾ നാട്ടിലിറങ്ങിയതായി തെളിവുകൾ ലഭിച്ചിട്ടില്ല. പൊതുവിൽ വനമേഖലയിൽ നിന്ന് മൃഗങ്ങൾ നാട്ടിലേക്കിറങ്ങി വളർത്തു മൃഗങ്ങളെ പിടികൂടിയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (സി) | ഇത്തരത്തിലുള്ള സംഭവങ്ങൾ ഒഴിവാക്കുന്നതിനും ജനങ്ങൾക്ക് സൈ്വര്യ ജീവിതം | (സി) | വന്യമൃഗ പ്രതിരോധത്തിനായി സംസ്ഥാനത്ത് 2018-19 വരെ 2413.7 കി.മീ. നീളത്തിൽ സൗരോർജ്ജ വേലി, |

| | | |
|---|---|---|
| | ഉറപ്പുവരുത്തുന്നതിനും സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ? | 631 കി.മീ. നീളത്തിൽ ആന പ്രതിരോധ കിടങ്ങുകൾ, 178.133 കി.മീ ആന പ്രതിരോധ മതിൽ, 6 കി.മീ. കല്ലുകെട്ടിയ കിടങ്ങുകൾ (stone pitched trenches), 26 കി.മീ ജൈവ വേലി, 248 കി.മീ. കയ്യാല, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗത്ത് കൂടി വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു.<br>കൂടാതെ, ചുവടെ പറയുന്ന പ്രവർത്തനങ്ങൾ കൂടി നടപ്പിലാക്കി വരുന്നു:-<br>1. വനത്തിനുപുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ.<br>2. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>3. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ. |

| | | | |
|---|---|---|---|
| | | | 4. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br>5. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>6. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽ മെന്റുകളിൽ നിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.<br>7. വനത്തികത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.<br>8. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ